# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ഏപ്രിൽ 4, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

68 (*661 & *670) കയ്യേറ്റഭൂമി ഒഴിപ്പിക്കൽ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട 1477 കയ്യേറ്റ കേസുകളിൽ 605 കേസുകളിലെ കയ്യേറ്റം ഒഴിപ്പിച്ച് 196.6477H ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടെന്നും 149 സീലിംഗ് കേസുകൾ താലൂക്ക് ലാന്റ് ബോർഡ് മുഖേന തീർപ്പാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. അവശേഷിക്കുന്ന കേസുകൾ തീർപ്പാക്കണമെന്നും അനാവശ്യമായി നീട്ടിക്കൊണ്ടു പോകരുതെന്നും പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. കയ്യേറ്റങ്ങൾക്ക് കൂട്ടുനിൽക്കുന്നതും കയ്യേറ്റങ്ങൾ തടയുന്നതിൽ ജാഗ്രതക്കുറവ് കാട്ടുന്നതുമായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി

സ്വീകരിക്കുന്നതും അനധികൃത കയ്യേറ്റങ്ങൾ സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനുള്ള നിയമാനുസൃത നടപടി സ്വീകരിക്കുന്നതുമാണ്. കയ്യേറ്റം ഒഴിപ്പിക്കുന്നതുൾപ്പെടെയുള്ള ശക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കേരള ലാന്റ് ഗ്രാബിംഗ് പ്രൊഹിബിഷൻ ബിൽ നിയമമാക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. ഭൂപരിഷ്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ട് ഭരണപരവും പ്രവർത്തനപരവുമായ മേൽനോട്ടം വഹിക്കുകയാണ് ലാന്റ് ബോർഡ് പ്രധാനമായും ചെയ്യുന്നത്. വിവിധ ജില്ലകളിലെ സർക്കാർ ഭൂമിയുടെ വിവരങ്ങൾ അതാത് ജില്ലാ കളക്ടർമാരിൽ നിന്നും ശേഖരിച്ച് ലാൻഡ് ബാങ്കിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇടുക്കി ജില്ലയിൽ സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനായി പബ്ലിക് ലാൻഡ് പ്രൊട്ടക്ഷൻ ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടെന്നും തെറ്റായി ലാൻഡ് ബാങ്കിൽ ഉൾപ്പെട്ട ഭൂമി ഒഴിവാക്കുന്നതിനുള്ള നടപടി നടന്നുവരികയാണെന്നും മന്ത്രി അറിയിച്ചു. പാട്ടക്കാലാവധി കഴിഞ്ഞ 38.34 ഏക്കർ ഭൂമി തിരിച്ച് പിടിക്കുന്നതിനുവേണ്ടി കർശന പരിശോധന നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ കമ്മീഷണർ, നിയമ/ധനകാര്യ വകുപ്പ് സെക്രട്ടറിമാർ എന്നിവരടങ്ങുന്ന കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസി മുഖേന റീ സർവ്വേ നടപടി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും കൊട്ടക്കമ്പൂരിലെ ഭൂമി കയ്യേറ്റവുമായി

ബന്ധപ്പെട്ട വിഷയം കോടതിയുടെ പരിഗണനയിലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

69 (*662) മലബാർ പ്രദേശത്തെ ദേശീയപാത വികസനം

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, ദേശീയപാത 17 (പുതിയ എൻ.എച്ച്.66) നാലുവരിയാക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച പ്രശ്നം പരിഹരിക്കാൻ മലപ്പുറം ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം ചർച്ച നടത്തിയിരുന്നുവെന്നും ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ യോഗം വീണ്ടും വിളിച്ച് ചേർക്കുന്നതാണെന്നും സഭയെ അറിയിച്ചു. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ജനപ്രതിനിധികളുമായി നടത്തിയ യോഗത്തിലുണ്ടായ നിർദ്ദേശവും അഭിപ്രായവും മാനിച്ചാണ് ദേശീയപാത 17 നാലുവരിപ്പാതയാക്കുന്നതിന്റെ അലൈൻമെന്റിന് അംഗീകാരം നൽകിയത്. മുൻ സർക്കാരിന്റെ കാലത്ത് അംഗീകരിച്ച അലൈൻമെന്റിൽ വലിയ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ലെന്നും 2013-ൽ പാർലമെന്റ് പാസ്സാക്കിയ പുതിയ എൽ. എ. ആക്ട് പ്രകാരമാണ് ഭൂമി നഷ്ടപ്പെട്ട ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതെന്നും ഇക്കാര്യത്തിലുള്ള ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് സാദ്ധ്യമായതെല്ലാം ചെയ്യുമെന്നും മന്ത്രി വ്യക്തമാക്കി. നിലവിലുള്ള ഹൈവേയുടെ ഭൂമികൂടി ഉൾപ്പെടുത്തിക്കൊണ്ട് അലൈൻമെന്റ് മാറ്റുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും ഓരോ

പഞ്ചായത്തിലേയും സർക്കാർ പുറമ്പോക്കും മിച്ചഭൂമിയും കണ്ടെത്തി വീടും ഭൂമിയും നഷ്ടപ്പെടുന്നവരുടെ പുനരധിവാസത്തിനായി ഉപയോഗിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുന്നതാണെന്നും 'ഭാരത് മാലാ പദ്ധതി' പ്രകാരം കാസർഗോഡ് മുതൽ കളിയിക്കാവിള വരെയുള്ള റോഡ് നാലുവരിപ്പാത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണെന്നും മന്ത്രി അറിയിച്ചു. ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാർ സന്നദ്ധമാണെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിൽ ധാരണയായിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

**അടിയന്തര ചോദ്യം**

(1) ഹജ്ജ് ക്യാമ്പ് നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലം

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) നൽകിയ മറുപടിയിൽ, ഹജ്ജ് എംബാർക്കേഷൻ പോയിന്റ് ഇത്തവണയും നെടുമ്പാശ്ശേരിയിൽത്തന്നെയാണ് ഒരുക്കിയിട്ടുള്ളതെന്നും കഴിഞ്ഞ വർഷങ്ങളിൽ ക്യാമ്പ് നടത്തിയ വിമാന മെയിന്റനൻസ് ഹാംഗർ ഇപ്രാവശ്യം ലഭ്യമല്ലാത്തതിനാൽ സിയാലിന്റെ അക്കാദമിയിൽ ഹാജിമാർക്കുള്ള താമസ സൗകര്യവും അതിനോട് ചേർന്ന് ഹജ്ജ് ക്യാമ്പും ഗതാഗത തടസ്സം സൃഷ്ടിക്കാതെ ക്രമീകരിക്കാമെന്ന് ഹജ്ജ്

കമ്മിറ്റി ചെയർമാനും സിയാൽ എം.ഡി.-യുമായുള്ള കൂടിക്കാഴ്ചയിൽ ധാരണയായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. അഞ്ച് വർഷം തുടർച്ചയായി ഹജ്ജിനപേക്ഷിച്ചിട്ടുള്ളവരുടെ അവസരം സംബന്ധിച്ച് സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലായിരിക്കും കേന്ദ്ര സർക്കാർ തീരുമാനമെടുക്കുന്നതെന്നും ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട്ടുനിന്നുതന്നെ വേണമെന്ന് ശക്തമായി ആവശ്യപ്പെട്ടുകൊണ്ട് പ്രധാനമന്ത്രിക്കും സിവിൽ ഏവിയേഷൻ മന്ത്രിക്കും മുഖ്യമന്ത്രി കത്തയച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## 2018 മാർച്ച് 22-ലെ *453-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരത്തിനുള്ള ഉപചോദ്യം

(*453) നോട്ട് നിരോധനം ഏൽപ്പിച്ച ആഘാതം സൃഷ്ടിച്ച പ്രതിസന്ധി

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ എം.ആർ.ഡി.എം. അവലോകന സമിതിയുടെ ശിപാർശ പ്രകാരം സ്വതന്ത്രാധികാരമുള്ള ഫിസ്കൽ കൗൺസിൽ നടപ്പാക്കുന്നതിൽ നിന്ന് പിൻമാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണെന്നും ജി.എസ്.ടി. നടപ്പാക്കിയതുമൂലം പരമ്പരാഗത വ്യവസായ മേഖലകളിലും ക്ഷേമ പ്രവർത്തനങ്ങളിലുമുണ്ടായ നഷ്ടം നികത്തുന്നതിനായി കിഫ്ബി വഴി 50,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നോട്ട് നിരോധനംമൂലമുള്ള എൻ.പി.എ.യുടെ വർദ്ധനവ്

സംബന്ധിച്ച് പരിശോധനകൾ നടന്നുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 6566 മുതൽ 6815 വരെയുള്ള ചോദ്യങ്ങളിൽ 105 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

***********